ഉത്തരം

(എ) 2010-ൽ സംസ്ഥാനത്ത് 52 മാവേലി ഹോട്ടലുകൾ ആരംഭിച്ചിരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ ഒരു മാവേലി ഹോട്ടലും പ്രവർത്തിക്കുന്നില്ല.

(സി&ഡി) ബാധകമല്ല.

തെറ്റായി സത്യവാങ്മൂലം സമർപ്പിച്ച റേഷൻകാർഡ് ഉടമകൾ

253 (1310) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ തെറ്റായി സത്യവാങ്മൂലം സമർപ്പിച്ച എത്ര റേഷൻ കാർഡ് ഉടമകളെ ഇതുവരെ കണ്ടെത്തിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ എത്ര ബി.പി.എൽ. കാർഡ് ഉടമകളെ എ.പി.എൽ. കാർഡുടമകളാക്കി മാറ്റിയെന്ന് വെളിപ്പെടുത്താമോ ;

(സി) തെറ്റായി സത്യവാങ്മൂലം സമർപ്പിച്ച സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ ജീവനക്കാർക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻകാർഡ് പുതുക്കുന്നതിനുള്ള സത്യവാങ്മൂലം സമർപ്പിക്കേണ്ട ഫോമുകൾ 1-1-2015 മുതൽ മാത്രമെ വിതരണം നടത്തുകയുള്ളൂ.

(ബി&സി) ബാധകമല്ല.

പട്ടാമ്പി മണ്ഡലത്തിൽ മാവേലി സ്റ്റോർ

254 (1311) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ, തിരുവേഗപ്പുറയിൽ വിളത്തൂർ, കൊപ്പം കീഴ്മുറി, വല്ലപ്പുഴ-ചെറുകോട് ഇവിടങ്ങളിൽ മാവേലി സ്റ്റോർ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ, തിരുവേഗപ്പുറ, കൊപ്പം, വല്ലപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് നിലവിൽ മുൻഗണന നൽകുന്നത്. എന്നിരുന്നാലും മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ മേഖല മാനേജർ വഴി സാദ്ധ്യതാ പഠനം നടത്തി. ബന്ധപ്പെട്ട പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ലഭ്യതകൂടി കണക്കിലെടുത്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

റേഷൻ കാർഡ് പുതുക്കുവാൻ നടപടി

255 (1312) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ കാലാവധി അവസാനിച്ച റേഷൻ കാർഡ് പുതുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പല താലൂക്ക് ആഫീസുകളിലും നടപടികൾ സ്വീകരിക്കാതെ ഫാറങ്ങൾ കെട്ടികിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതുതായി വീട് വച്ച് താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(എഫ്) ഇവർക്ക് റേഷൻ കാർഡ് എന്ന് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റേഷൻ കാർഡ് പുതുക്കുന്നതിന് 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ, 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാ ഫാറം തയ്യാറാക്കി 1-1-2015 മുതൽ റേഷൻ കടകളിൽകൂടി കാർഡുടമകൾക്ക് വിതരണം ചെയ്യും. പൂരിപ്പിച്ച ഫാറം പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽകൂടി സ്വീകരിക്കുകയും കാർഡിലുൾപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly